## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6131 28.10.2011 ൽ മറുപടിയ്ക്ക്

### കെ.എസ്.എഫ്.ഇ. യുടെ പ്രവർത്തനങ്ങൾ

ചോദ്യം

ശ്രീ. സി.കെ. സദാശിവൻ :

ശ്രീ. പി. റ്റി.എ. റഹീം :

ശ്രീ. സി. കൃഷ്ണൻ :

ശ്രീ. ബാബു. എം. പാലിശ്ശേരി :

ഉത്തരം

ശ്രീ. കെ.എം. മാണി

(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ. യുടെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) | ഉണ്ട്. സാധാരണക്കാരായ സാമ്പത്തിക ഇടപാടുകാർക്ക് വിശ്വസനീയമായ സ്ഥാപനമെന്ന നിലയിലും സംസ്ഥാന സർക്കാരിന്റെ വിഭവ സമാഹരണത്തിൽ ഒരു വലിയ പങ്കുവഹിക്കുന്ന സ്ഥാപനമെന്ന നിലയിലും കെ.എസ്.എഫ്.ഇ. ക്ക് വളരെ പ്രമുഖ സ്ഥാനമാണുള്ളത്. പ്രവർത്തനം ആരംഭിച്ച വർഷം മുതൽ ലാഭത്തിൽ പ്രവർത്തിക്കുന്ന ടി സ്ഥാപനത്തിന്റെ ലാഭവിഹിതം വർഷാവർഷം കൃത്യമായി സർക്കാരിൽ ലഭിക്കാറുണ്ട്. ഈ വസ്തുതകൾ കണക്കിലെടുത്ത് കൊണ്ട് കെ.എസ്.എഫ്.ഇ. യുടെ പ്രവർത്തനങ്ങളെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനു വേണ്ടി പുനഃസംഘടനയും സ്വയം ഭരണാവകാശവും സർക്കാർ അനുവദിച്ച് നൽകുകയുണ്ടായി. ഈ പുന:സംഘടന കൊണ്ട് സർക്കാരിന്റെ നയ സമീപനങ്ങൾക്ക് അകത്തു നിന്നു കൊണ്ട് ഉയർന്ന ധനകാര്യ അധികാരം, |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തിയിരിക്കുന്ന പ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം മുതലായവ കെ.എസ്.എഫ്.ഇ.യ്ക്ക് ഉണ്ട്. |
| (ബി) | പ്രഖ്യാപിച്ച എല്ലാ കെ.എസ്.എഫ്.ഇ ശാഖകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ഏതെങ്കിലും ശാഖ ഉദ്ഘാടനം ചെയ്യപ്പെടാത്തതായിട്ടുണ്ടോ ; എങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ ; | (ബി) | പ്രഖ്യാപിച്ച എല്ലാ കെ.എസ്.എഫ്.ഇ ശാഖകളും പ്രവർത്തനം ആരംഭിച്ചിട്ടില്ല. എങ്കിലും നാലു ശാഖകൾ ഇതിനകം തന്നെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. അനുയോജ്യമായ സ്ഥലം കിട്ടുന്നമുറയ്ക്ക് ബാക്കിയുള്ള ശാഖകളുടെ പ്രവർത്തനം ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ഓഫീസർമാരുടെ സ്ഥലം മാറ്റം സംബന്ധിച്ച് മാനദണ്ഡങ്ങൾ നിലവിലുണ്ടോ ; സ്ഥലം മാറ്റം സംബന്ധിച്ച് ബഹു: ഹൈക്കോടതി എന്തെങ്കിലും നിർദ്ദേശം നൽകുകയുണ്ടായോ ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു ; | **(സി) യും (ഡി) യും** | ശാഖകളിലും മറ്റു ഓഫീസുകളിലും നിലവിലുള്ള ഒഴിവുകൾ, കമ്പനിയുടെ ബിസിനസ്സ് സംബന്ധമായ താൽപര്യങ്ങൾ, കീഴ്‌വഴക്കങ്ങൾ തുടങ്ങിയവക്കാണ് പ്രധാനമായും ഓഫീസർമാരുടെ സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് പ്രഥമ പരിഗണന നൽകാറുള്ളത്. അതല്ലാതെ ഓഫീസർമാരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട ചട്ടങ്ങളോ നിയമാവലികളോ കമ്പനി തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടില്ല. എന്നാൽ ഈ വർഷം ജൂലായിൽ നടന്ന |

------ 3